**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3365** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള പഠന സൗകര്യങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീമതി കെ. കെ. രമ</th><th colspan="2">ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ആകെ നിലവിൽ എത്ര ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുണ്ടെന്ന കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കുമോ;</td><td>(എ)</td><td>സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>8886</td></tr>
<tr><td>കൊല്ലം</td><td>6892</td></tr>
<tr><td>പത്തനംതിട്ട</td><td>3573</td></tr>
<tr><td>ആലപ്പുഴ</td><td>6938</td></tr>
<tr><td>കോട്ടയം</td><td>5378</td></tr>
<tr><td>ഇടുക്കി</td><td>4639</td></tr>
<tr><td>എറണാകുളം</td><td>7499</td></tr>
<tr><td>തൃശ്ശൂർ</td><td>12576</td></tr>
<tr><td>പാലക്കാട്</td><td>10527</td></tr>
<tr><td>മലപ്പുറം</td><td>13550</td></tr>
<tr><td>കോഴിക്കോട്</td><td>18866</td></tr>
<tr><td>വയനാട്</td><td>3747</td></tr>
<tr><td>കണ്ണൂർ</td><td>9171</td></tr>
<tr><td>കാസർഗോഡ്</td><td>6259</td></tr>
<tr><td>ആകെ</td><td>118501</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>നിലവിലെ സ്കൂൾ വിന്യാസ പ്രകാരം പ്രസ്തുത ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൂർണതോതിൽ അധ്യയനം ലഭ്യമാക്കുന്നതിന് ആവശ്യമായ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ</td><td>(ബി)</td><td>സമഗ്ര ശിക്ഷാ കേരളയുടെ ഭാഗമായി എലമെന്ററി വിഭാഗത്തിൽ 1521 ഉം സെക്കന്ററി വിഭാഗത്തിൽ 1365 ഉം സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ നിയമിക്കുന്നതിനുള്ള അനുമതി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ പ്രോജക്ട് അപ്രൂവൽ ബോർഡ് നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ചിട്ടുള്ള അത്രയും എണ്ണം സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | എണ്ണം എത്രയാണെന്ന ഇനം തിരിച്ചുള്ള കണക്ക് അറിയിക്കുമോ; | | ഓരോ ഭിന്നശേഷി വിഭാഗത്തിലെയും സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ എണ്ണം ചുവടെ നൽകുന്നു. |

| ജില്ല | എലമെന്ററി | സെക്കന്ററി | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 141 | 129 | 270 |
| കൊല്ലം | 102 | 80 | 182 |
| പത്തനംതിട്ട | 52 | 50 | 102 |
| ആലപ്പുഴ | 103 | 72 | 175 |
| കോട്ടയം | 98 | 95 | 193 |
| ഇടുക്കി | 64 | 60 | 124 |
| എറണാകുളം | 130 | 149 | 279 |
| തൃശ്ശൂർ | 142 | 140 | 282 |
| പാലക്കാട് | 128 | 118 | 246 |
| മലപ്പുറം | 182 | 152 | 334 |
| കോഴിക്കോട് | 166 | 137 | 303 |
| വയനാട് | 45 | 44 | 89 |
| കണ്ണൂർ | 97 | 80 | 177 |
| കാസർഗോഡ് | 71 | 59 | 130 |
| **ആകെ** | **1521** | **1365** | **2886** |

ആയമാരുടെ എണ്ണം ചുവടെ നൽകുന്നു.

| ജില്ല | എലമെന്ററി | സെക്കന്ററി | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 12 | 10 | 22 |
| കൊല്ലം | 12 | 8 | 20 |
| പത്തനംതിട്ട | 11 | 5 | 16 |
| ആലപ്പുഴ | 11 | 2 | 13 |
| കോട്ടയം | 13 | 2 | 15 |
| ഇടുക്കി | 8 | 3 | 11 |
| എറണാകുളം | 15 | 5 | 20 |
| തൃശ്ശൂർ | 18 | 7 | 25 |
| പാലക്കാട് | 13 | 2 | 15 |
| മലപ്പുറം | 15 | 5 | 20 |
| കോഴിക്കോട് | 15 | 2 | 17 |
| വയനാട് | 3 | 2 | 5 |
| കണ്ണൂർ | 15 | 4 | 19 |
| കാസർഗോഡ് | 7 | 3 | 10 |

| | | | |
|---|---|---|---|
| | | | ആകെ 168 60 228 |
| (സി) | ഭിന്നശേഷി വിദ്യാർത്ഥികൾക്കായി സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ നിലവിലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ആകെ എണ്ണം എത്രയാണെന്ന കണക്ക് ഭിന്നശേഷി വിഭാഗങ്ങൾ തിരിച്ച് ലഭ്യമാക്കുമോ; | (സി) | സമഗ്ര ശിക്ഷാ കേരളയുടെ ഭാഗമായി എലമെന്ററി വിഭാഗത്തിൽ 1521 ഉം സെക്കന്ററി വിഭാഗത്തിൽ 1365 ഉം സ്പെഷ്യൽ എജ്യൂക്കേറ്റർമാർ ഉണ്ട്. ഇവരുടെ ഭിന്നശേഷി വിഭാഗങ്ങൾ തിരിച്ചുള്ള എണ്ണം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ഡി) | ഇത്രയും പ്രാധാന്യമർഹിക്കുന്ന ചുമതലകൾ നിർവഹിക്കേണ്ട സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ ആവശ്യമായതിന്റെ മൂന്നിലൊന്ന് എണ്ണം മാത്രമേ ഉള്ളൂവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | നിലവിലെ ചട്ടങ്ങൾ പ്രകാരം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ചുമതലകൾ എന്തെല്ലാമാണ്; ക്ലാസ് റൂമിലെ അധ്യയനത്തിന് പുറമേ മറ്റെന്തെല്ലാം ചുമതലകളാണ് ഇവരിൽ നിക്ഷിപ്തമായിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ഇ) | ചുമതലകൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (എഫ്) | ഭിന്നശേഷി വിദ്യാർത്ഥികളുടെ അധ്യയനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് ഭിന്നശേഷി കുട്ടികളുടെ മാതാപിതാക്കളുടെ കൂട്ടായ്മയായ നവജീവൻ ബാലാവകാശ കമ്മീഷന് പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തൊക്കെ വിഷയങ്ങളാണ് പ്രസ്തുത പരാതിയിൽ ഉന്നയിച്ചിട്ടുള്ളത്; ഈ പരാതികൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ? | (എഫ്) | ഉണ്ട്. ചുവടെ പറയുന്ന വിഷയങ്ങളാണ് പരാതിയിൽ ഉന്നയിച്ചിട്ടുള്ളത്.<br><br>ഭിന്നശേഷി വിഭാഗം കുട്ടികളും അവരുടെ രക്ഷിതാക്കളും വിദ്യാലയാന്തരീക്ഷത്തിലും യാത്രകളിലും പൊതു സമൂഹത്തിനിടയിലും വളരെയധികം അവഹേളനങ്ങൾക്കും അവഗണനകൾക്കും പാത്രീഭവിച്ചുകൊണ്ടിരിക്കുന്നു.<br><br>പൊതുവിദ്യാലയങ്ങളിൽ ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് സഹപാഠികളിൽ നിന്നു മാത്രമല്ല അവരുടെ രക്ഷിതാക്കളിൽ നിന്നും പലപ്പോഴും അധ്യാപകരുടെ ഭാഗത്തുനിന്നും ഭിന്നശേഷിത്വത്തിന്റെ പേരിൽ അവഹേളനങ്ങളും കുത്തുവാക്കുകളും സഹിക്കേണ്ടിവരുന്നു.<br><br>പലപ്പോഴും പല രക്ഷിതാക്കളും അവരുടെ കുട്ടികളെ ഭിന്നശേഷി വിഭാഗം കുട്ടികളുമായി ഇടപഴകുന്നതിൽ വിലക്കേർപ്പെടുത്തുന്നു.<br><br>ഇത്തരം സ്ഥിതി വിശേഷണത്തിന് മാറ്റം വരുത്തുവാൻ പ്രാഥമിക വിദ്യാലയങ്ങൾ മുതൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വരെ വിദ്യാർത്ഥികൾക്ക് കൃത്യവും വ്യക്തവുമായ ബോധവൽകരണം നടത്തണം.<br><br>വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ ഭിന്നശേഷി സൗഹൃദമാണെന്നും ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക<br><br>ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികളുടെ സാമൂഹിക ഉൾച്ചേർക്കലുമായി ബന്ധപ്പെട്ട പരിപാടികൾ വിവിധ ഘട്ടങ്ങളിലായി സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ എല്ലാവർഷവും പ്രോജക്ട് അപ്രൂവൽ ബോർഡ് മിനിട്സിന്റെ അടിസ്ഥാനത്തിൽ ചെയ്തു വരുന്നു.<br><br>കഴിഞ്ഞ കുറേ വർഷങ്ങളായി അവധിക്കാല അധ്യാപക പരിശീലനത്തിൽ ഭിന്നശേഷി മേഖലയെ സംബന്ധിച്ച് പ്രത്യേക സെഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ മുഴുവൻ അധ്യാപകർക്കും പ്രഥമാധ്യാപകർക്കും ഈ മേഖലയിൽ ശാക്തീകരണം നൽകിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിൽ ഭിന്നശേഷി കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്ന രീതിയിലുള്ള കൃത്യമായ പരിശീലനങ്ങൾ അധ്യാപകർക്ക് നൽകിയിട്ടുണ്ട്. തുടർന്നും ഇത്തരം പരിശീലനങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**ജില്ല തിരിച്ച്**

| സ്പെഷ്യൽ എഡ്യൂക്കേറ്റർ എലമെന്ററി | | | | | | | |
|---|---|---|---|---|---|---|---|
| ജില്ല | എഎസ്ഡി | സിബിആർ | സിപി | എച്ച് ഐ | എസ് എൽ ഡി | എം .ആർ | വിഐ |
| പാലക്കാട് | 10 | 0 | 1 | 9 | 2 | 79 | 31 |
| ആലപ്പുഴ | 16 | 4 | 4 | 1 | 0 | 76 | 0 |
| എറണാകുളം | 15 | 0 | 16 | 8 | 0 | 90 | 2 |
| ഇടുക്കി | 8 | 1 | 1 | 1 | 0 | 50 | 3 |
| കണ്ണൂർ | 6 | 1 | 1 | 4 | 0 | 74 | 11 |
| കാസർഗോഡ് | 4 | 0 | 0 | 0 | 0 | 66 | 1 |
| കൊല്ലം | 7 | 27 | 0 | 25 | 0 | 45 | 6 |
| കോട്ടയം | 18 | 3 | 2 | 3 | 0 | 69 | 4 |
| കോഴിക്കോട് | 19 | 5 | 4 | 0 | 2 | 118 | 9 |
| മലപ്പുറം | 18 | 6 | 5 | 3 | 0 | 132 | 20 |
| പത്തനംതിട്ട | 2 | 18 | 0 | 6 | 0 | 26 | 0 |
| തൃശ്ശൂർ | 5 | 0 | 0 | 2 | 0 | 127 | 9 |
| തിരുവനന്തപുരം | 12 | 1 | 0 | 24 | 0 | 93 | 4 |
| വയനാട് | 4 | 4 | 1 | 5 | 0 | 29 | 3 |
| ആകെ | 144 | 70 | 35 | 91 | 4 | 1074 | 103 |

**സ്പെഷ്യൽ എഡ്യൂക്കേറ്റർ സെക്കന്ററി**

| ജില്ല | ഐഡി | എച്ച്ഐ | വിഐ | സിപി | എസ്എൽ ഡി | സിബി ആർ | എഎസ് ഡി |
|---|---|---|---|---|---|---|---|
| ഇടുക്കി | 57 | 4 | 1 | 0 | 0 | 0 | 0 |
| ആലപ്പുഴ | 71 | 2 | 1 | 0 | 0 | 1 | 0 |
| എറണാകുളം | 134 | 9 | 0 | 5 | 0 | 0 | 0 |
| കണ്ണൂർ | 44 | 27 | 10 | 0 | 0 | 0 | 0 |
| കാസർഗോഡ് | 30 | 30 | 3 | 0 | 0 | 0 | 0 |
| കൊല്ലം | 51 | 31 | 1 | 0 | 0 | 6 | 0 |
| കോട്ടയം | 53 | 11 | 2 | 0 | 1 | 0 | 0 |
| കോഴിക്കോട് | 63 | 71 | 2 | 0 | 0 | 0 | 0 |
| മലപ്പുറം | 65 | 81 | 7 | 3 | 0 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| പാലക്കാട് | 63 | 13 | 24 | 0 | 0 | 0 | 5 |
| പത്തനംതിട്ട | 47 | 3 | 1 | 0 | 0 | 1 | 1 |
| തൃശ്ശൂർ | 130 | 11 | 1 | 1 | 2 | 0 | 0 |
| തിരുവനന്തപുരം | 90 | 34 | 5 | 0 | 0 | 0 | 2 |
| വയനാട് | 30 | 22 | 1 | 0 | 1 | 0 | 0 |

ASD – Autism Spectrum Disorder
CBR – Community Based Rehabilitation
CP – Cerebral Palsy
HI – Hearing Impaired
SLD – Specific Learning Disability
MR – Mental Retardation
VI – Visually Impaired

# അനുബന്ധം 2

## സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ചുമതലകൾ

ഭിന്നശേഷികുട്ടികൾക്ക് അനുയോജ്യമായ അക്കാദമിക പ്രവർത്തനങ്ങൾ, സർവെ, മെഡിക്കൽ ക്യാമ്പുകളുടെ സംഘാടനം, സഹായകഉപകരണങ്ങളുടെ ഉപയോഗക്ഷമത, വിതരണം എന്നിവ ഉറപ്പാക്കൽ, സാമൂഹിക ഉൾച്ചേർക്കൽ പരിപാടികൾ നടപ്പിലാക്കൽ, എസ്.എൽ.ഡി സ്ക്രീനിംഗ്, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, ആസൂത്രണ അവലോകന യോഗങ്ങളിൽ പങ്കെടുക്കൽ, പി.ഇ.സി.കളിലെ പങ്കാളിത്തം, എസ്.എസ്.കെ.യുടെ നിർദേശങ്ങൾ സമയ ബന്ധിതമായി നടപ്പാക്കൽ, നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങളുടെയും, അവയുടെ പുരോഗതിയെയും സംബന്ധിച്ച രേഖപ്പെടുത്തലുകൾ കൂടാതെ സമഗ്ര ശിക്ഷാ കേരളയുടെ നിർദേശങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ.

- നിയോഗിക്കപ്പെടുന്ന സ്കൂളുകളിലെ ഭിന്നശേഷി കുട്ടികളെ പട്ടികപ്പെടുത്തുകയും ഓരോ കുട്ടിയുടെയും കഴിവുകൾ, പരിമിതികൾ, താത്പര്യമുള്ള മേഖലകൾ, കുടുംബ പശ്ചാത്തലം എന്നിവ ക്ലാസ് അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ നോട്ട് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.
- ഓരോ ആഴ്ചയിലും വിവിധ വിഷയങ്ങളിൽ ക്ലാസ് മുറികളിൽ നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് മുൻകൂട്ടി ക്ലാസ്/വിഷയ അധ്യാപകരുമായി ചർച്ച ചെയ്ത് അനുരൂപീകരണ സാധ്യതകൾ കണ്ടെത്തുകയും അവ ക്ലാസിൽ അധ്യാപകർ നൽകുമ്പോൾ അവശ്യം വേണ്ട പിന്തുണയും ഇടപെടലുകളും നടത്തേണ്ടതുമാണ്.
- ഒന്നിലധികം വിദ്യാലയങ്ങളിൽ ചുമതലയുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ പ്രസ്തുത വിദ്യാലയങ്ങളിൽ ഹാജരാകാത്ത ദിവസങ്ങളിലുള്ള ക്ലാസ്റും പ്രവർത്തനങ്ങളുടെ അനുരൂപീകരണ സാധ്യതകൾ മുൻകൂട്ടി അധ്യാപകരുമായി ചർച്ച ചെയ്ത് കൃത്യതപ്പെടുത്തേണ്ടതുണ്ട്.
- ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന ക്ലാസുകളിൽ ഈ കുട്ടികൾക്കു കൂടി അനുയോജ്യമായ പഠനോപകരണങ്ങൾ, ഐ.സി.ടി സാധ്യതകൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി സ്പെഷ്യൽ എഡ്യുക്കേറ്റർമാർ അധ്യാപകർക്ക് ആവശ്യമായ പിന്തുണ നൽകേണ്ടതാണ്.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുവേണ്ടി സ്വീകരിക്കാവുന്ന വ്യത്യസ്തമായ പഠന പ്രക്രിയ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ മികവുറ്റതാക്കുന്നതിന് അഡാപ്റ്റഡ് ടീച്ചിംഗ് മാന്വൽ തയ്യാറാക്കുന്നതിന് അതത് ക്ലാസ്/വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകരെ പിന്തുണയ്ക്കേണ്ടതാണ്.
- പഠന പ്രവർത്തനങ്ങളിലും വിദ്യാലയത്തിലെ മറ്റു പ്രവർത്തനങ്ങളിലും സഹപഠിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നതിനുള്ള തന്ത്രങ്ങൾ അധ്യാപികയും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരും സംയുക്തമായി വികസിപ്പിച്ച് നടപ്പിലാക്കേണ്ടതാണ്.
- കുട്ടികൾക്ക് ക്ലാസ് റൂം അനുഭവങ്ങൾ നഷ്ടപ്പെടാത്തവിധം സമയം ക്രമീകരിച്ച് വ്യക്തിഗത പഠന സഹായം ആവശ്യമുള്ള കുട്ടികൾക്ക് അധിക പിന്തുണ നൽകേണ്ടതാണ്. ഇതിനായി, സ്പെഷ്യൽ കെയർ സെന്റർ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് കലാ-കായിക പ്രവർത്തനങ്ങളിൽ അർഹിക്കുന്ന പങ്കാളിത്തം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- ഭിന്നശേഷിക്കാരായ കുട്ടികളെ നിരന്തര വിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്. നിരീക്ഷണം, പഠനത്തെളിവുകളുടെ വിശകലനം, അഭിമുഖം, പിന്തുണാസന്ദർഭങ്ങളിലെ തത്സമയ വിശകലനം എന്നിവ നിരന്തരവിലയിരുത്തലിനായി പ്രയോജനപ്പെടുത്തണം. നേടിയ കഴിവുകൾ, കുട്ടിയുടെ പുരോഗതി എന്നിവ സൂക്ഷ്മമായി രേഖപ്പെടുത്താനാണ് ശ്രമിക്കേണ്ടത്. അധ്യാപകർ, രക്ഷിതാക്കൾ, സഹപാഠികൾ എന്നിവരിൽ നിന്നും ലഭിക്കേണ്ട തുടർ പിന്തുണ നിശ്ചയിക്കുന്നതിൽ നിരന്തര വിലയിരുത്തൽ കുറിപ്പുകൾ പ്രയോജനപ്പെടുത്തണം.
- മൂല്യനിർണയ പ്രവർത്തനങ്ങളിൽ അനുയോജ്യമായ അനുരൂപീകരണം നടത്തേണ്ടതാണ്.
- കുട്ടിയുടെ പഠനത്തിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള നിർദേശങ്ങൾ രക്ഷിതാക്കൾക്കു നൽകേണ്ടതാണ്. ക്ലാസ് പി.ടി.എകളിലും രക്ഷിതാക്കളുടെ പ്രത്യേക യോഗങ്ങളിലും ഇക്കാര്യം വിശദമായി അവതരിപ്പിക്കേണ്ടതാണ്.
- സ്കൂൾ അസംബ്ലികളിൽ ക്ലാസുകളിൽ കുട്ടികളുടെ അവതരണങ്ങൾ നടക്കുമ്പോൾ ഭിന്നശേഷികളുള്ള കുട്ടികൾക്കും അവസരം ഉറപ്പാക്കേണ്ടതാണ്.

- പ്രത്യേക പരിഗണന അർഹിക്കുന്നവരുമായി ബന്ധപ്പെട്ട ദിനാചരണപ്രവർത്തനങ്ങൾ നടക്കുന്ന അസംബ്ലികളിൽ അതത് ദിവസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ലഘു വിവരണം നൽകുന്നതിൽ അധ്യാപകർക്ക് ആവശ്യമായ സഹായങ്ങൾ നൽകേണ്ടതാണ്. (ഉദാ: വൈറ്റ് കെയ്ൻഡേ, ഭിന്നശേഷിദിനം, ഓട്ടിസം ദിനം, മുതലായവ)
- സമഗ്ര പോർട്ടൽ, എസ്.എസ്.കെ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ പോർട്ടൽ (ssakerala.in/ie) തുടങ്ങിയ ആധുനിക സങ്കേതങ്ങൾ അധ്യാപകരുടെ സഹകരണത്തോടെ ക്ലാസ് റൂം പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്തേണ്ടതാണ്.
- ഭിന്നശേഷിയുള്ള ഓരോ കുട്ടിയുടെയും ഓരോ ഘട്ടത്തിലെയും പഠന പുരോഗതി സംബന്ധിച്ച കൃത്യമായ ഡോക്യുമെന്റ്, തെളിവുകൾ തുടങ്ങിയവ സ്പെഷ്യൽ എഡ്യൂക്കേറ്റർ തയാറാക്കേണ്ടതാണ്. (ഓരോ കുട്ടിക്കും ഒരോ ഫയൽ എന്ന രീതിയിൽ സൂക്ഷിക്കണം)
- ഭിന്നശേഷിയുള്ള കുട്ടികളുടെ സമഗ്രപുരോഗതി ലക്ഷ്യമിട്ടുകൊണ്ട് വിദ്യാലയത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താൻ ആവശ്യമായ മാർഗങ്ങൾ തേടേണ്ടതാണ്.
- വിദ്യാലയത്തിൽ പ്രീസ്കൂൾ/ അംഗൻവാടി എന്നിവ ഉണ്ടെങ്കിൽ അവിടെയുള്ള കുട്ടികളെകൂടി പരിഗണിച്ച് പ്രവർത്തനങ്ങൾ തയാറാക്കേണ്ടതാണ്.
- വ്യക്തിഗത വിദ്യാഭ്യാസത്തിനുള്ള പദ്ധതികളും തയാറാക്കണം. ഐ.ഇ.പി തയാറാക്കുമ്പോൾ ഓരോ മാസത്തെയും ലക്ഷ്യവും അനുയോജ്യ പ്രവർത്തനസാധ്യതകളും മുൻമാസത്തെ ലക്ഷ്യ പ്രാപ്തിയും സൂചിപ്പിക്കണം.
- സ്പെഷ്യൽ കെയർ സെന്റർ പരമാവധി ഉപയോഗപ്പെടുത്തണം. ഇതിനായുള്ള സമയക്രമീകരണം നിർദേശിക്കപ്പെട്ട പ്രകാരം വിദ്യാലയത്തിന്റെ പൊതുതീരുമാനമാക്കണം. നിശ്ചയിക്കപ്പെട്ട സമയത്തല്ലാതെ സ്പെഷ്യൽ കെയർ സെന്ററിൽ കുട്ടികളെ ഇരുത്തി തുടർച്ചയായി പരിഹാരബോധനം നടത്തുന്ന രീതി ഒഴിവാക്കേണ്ടതാണ്.
- സ്കൂളുകളിൽ ഭിന്നശേഷി മേഖലയിലുള്ള ആകെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഒരു അധ്യാപകൻ/അധ്യാപികയ്ക്ക് (നോഡൽ ടീച്ചർ ഫോർ ഐ.ഇ) ചുമതല ലഭിച്ച ടീച്ചറുമായി ചേർന്ന് വിദ്യാലയം ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതും അവ പ്രധാനാധ്യാപകരുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിന് പിന്തുണ നൽകുകയും ചെയ്യണം.
- വിദ്യാലയങ്ങളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും ഭിന്നശേഷിക്കാരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സ്പെഷ്യൽ എഡ്യൂക്കേറ്റർ, ഐ.ഇ. നോഡൽ ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്ത് സ്കൂൾ മേലധികാരിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
- സ്പെഷ്യൽ എഡ്യൂക്കേറ്റർ, ഐ.ഇ. നോഡൽ ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ സ്കൂൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ എസ്.എം.സി, പി.ടി.എ തുടങ്ങിയ വേദികളിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ അന്ത:സത്ത, അധ്യാപകർ, രക്ഷിതാക്കൾ, എസ്.എം.സി, പി.ടി.എ പ്രതിനിധികൾ തുടങ്ങിയവരെ ബോധ്യപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- സ്പെഷ്യൽ എഡ്യൂക്കേറ്റർ, ഐ.ഇ. നോഡൽ ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ എസ്.ആർ.ജി/ സബ്ജക്ട് കമ്മിറ്റി യോഗങ്ങളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ പങ്കെടുക്കുകയും ക്ലാസിൽ അവരവർ നടത്തിയ പ്രവർത്തനങ്ങളുടെ ഫീഡ്ബാക്ക് അവതരിപ്പിക്കുകയും ചെയ്യേണ്ടതാണ്. പൊതുവായി ശ്രദ്ധിക്കേണ്ട കാര്യങ്ങളും സവിശേഷമായി പരിഗണിക്കേണ്ടവയും റിപ്പോർട്ട് ചെയ്യുകയും അത് കണക്കിലെടുത്തുള്ള തീരുമാനങ്ങൾ ഉണ്ടാകുന്നുവെന്ന് ഉറപ്പു വരുത്തുകയും വേണം. പ്രഥമാധ്യാപകരുമായി മുൻകൂട്ടി ആശയവിനിമയം നടത്തുന്നത് തീരുമാനങ്ങളെടുക്കൽ പ്രക്രിയ സുഗമമാക്കും.

**ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം**

- സ്പെഷ്യൽ എഡ്യൂക്കേറ്റർ എല്ലാ ബുധനാഴ്ചയും ഗൃഹാധിഷ്ഠിത വിദ്യാഭ്യാസത്തിൽ ഏർപ്പെടേണ്ടതാണ്.
- ബി.ആർ.സിതലത്തിൽ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ആവശ്യമുള്ള കുട്ടികളുടെ ലിസ്റ്റ് മുൻഗണന പാലിച്ച് തയ്യാറാക്കുകയും സ്പെഷ്യൽ എഡ്യൂക്കേറ്റർ ഓരോ കുട്ടിക്കും പിന്തുണാവസരം തുല്യമായി കിട്ടും വിധം ഭവനസന്ദർശന ടൈം ടേബിൾ തയ്യാറാക്കി, അതത് ബി.പി.സി.യുടെ അനുമതി വാങ്ങുകയും ചെയ്യേണ്ടതാണ്.
- ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികളുടെ ഐ.ഇ.പി തയ്യാറാക്കേണ്ടതാണ്.

- ഏറ്റവും കൂടുതൽ ശ്രദ്ധ ആവശ്യമുള്ള രണ്ട് കുട്ടികൾക്ക് വീതം ഓരോ സ്പെഷ്യൽ എഡ്യൂക്കേറ്ററും ഒരാഴ്ച്ചയിൽ നേരിട്ട് പിന്തുണ നൽകണം
- അർഹരായ മറ്റു കുട്ടികൾക്ക് പിന്തുണ നൽകുന്നതിന് SJD, Health Deprtment, LSGD, NGOs എന്നിവരുടെ സഹകരണം ഉറപ്പുവരുത്താൻ ശ്രമിക്കണം.
- ഓരോ കുട്ടിക്കും മെന്റർ സഹായം (രക്ഷിതാവ്, സഹപഠിതാവ്, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവ) ലഭ്യമാക്കാൻ ക്രമീകരണം നടത്തണം
- കുട്ടികൾക്ക് പിന്തുണ നൽകാൻ സന്നദ്ധരാവുന്നവർക്ക് ആവശ്യമായ സഹായക നിർദേശങ്ങൾ നൽകേണ്ടതാണ്.
- ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾക്ക് അവരുടെ പേരു ചേർത്തിട്ടുള്ള വിദ്യാലയത്തിലെ അധ്യാപകരിൽ നിന്നുള്ള പിന്തുണ ലഭിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.
- ഓരോ ആഴ്ചയിലേയും പിന്തുണ സംബന്ധിച്ച രേഖ സൂക്ഷിക്കണം. എത്തിച്ചേർന്ന സമയം, പിന്തുണാ മേഖല, പിന്തുണാരീതി, കുട്ടിയിലുണ്ടായ പുരോഗതി, രക്ഷിതാവിന്റെ പ്രതികരണം, രക്ഷിതാവിന് നൽകിയ നിർദേശം, തിരിച്ചറിവുകൾ എന്നിവ രേഖയിൽ ഉണ്ടാകണം. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസത്തിനു വിധേയരാകുന്ന ഓരോ കുട്ടിയെക്കുറിച്ചും ബി.ആർ.സിയിൽ പ്രത്യേകം ഫയൽ ഉണ്ടാകണം. ഈ ഫയൽ പ്രതിമാസം ബി.പി.സിയെ കാണിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.
- ഗൃഹ സന്ദർശന വേളകളിൽ തുടർന്നു വരുന്ന ഒരാഴ്ചക്കാലം നൽകേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് രക്ഷിതാക്കൾക്ക് കൃത്യമായ നിർദേശങ്ങൾ നൽകണം.
- എസ്.എസ്.കെ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ വെബ്സൈറ്റിൽ നൽകിയിട്ടുള്ള പഠന വീഡിയോകൾ, വീടുകളിൽ രക്ഷിതാവിന്റെ സഹായത്തോടെ ചെയ്യേണ്ടുന്ന തെറാപ്പി വീഡിയോകൾ, ജീവിത നൈപുണി വികസനത്തിന് പര്യാപ്തമാകുന്ന വീഡിയോകൾ തുടങ്ങിയവ രക്ഷിതാക്കളെ പരിശീലിപ്പിക്കുകയും അതുവഴി കുട്ടികൾക്കുണ്ടാകുന്ന പുരോഗതി വിലയിരുത്തുകയും ചെയ്യേണ്ടതാണ്.
- ഗൃഹാധിഷ്ഠിതവിദ്യാഭ്യാസത്തിനു വിധേയരാകുന്ന കുട്ടികൾക്ക് സമൂഹത്തിന്റെ പിന്തുണ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം. തനത് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.